പ്രസ്തുത പ്രദേശം ഹിൽടാക്കു് പരിധിയിൽ ഉൾക്കൊള്ളിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ്; റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽടാക്കായി ഉൾപ്പെടുത്തേണ്ട തുണ്ടോയെന്നും വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽടാക്കു് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ 6-2-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടറിൽനിന്നും 21-1-2016-നാണ് ലഭിച്ചതെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറിൽനിന്നും റിപ്പോർട്ട് 10-2-2016-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

പട്ടയ വിതരണം

116(1182) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പുതിയതായി പട്ടയം നൽകിയിട്ടുണ്ട്; ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര പേർക്ക് നൽകാനുള്ള പട്ടയങ്ങൾ ഇപ്പോൾ തയ്യാറായിട്ടുണ്ട്; ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര, തിരുവനന്തപുരം താലൂക്കുകളിൽ തയ്യാറായിരിക്കുന്ന പട്ടയങ്ങൾ അപേക്ഷകർക്ക് നല്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly